**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2879** **25-06-2024 - ൽ മറുപടിയ്ക്ക്**

**വനം വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ കീഴിലുള്ള വനം വിജിലൻസ് വിംഗിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കാമോ; | (എ) | വനം വകുപ്പിന്റെ കീഴിലുള്ള വനം വിജിലൻസ് വിംഗിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ, ഘടന എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വ്യാജ രേഖ ചമച്ച് വനം വകുപ്പിന്റെ എസ്റ്റേറ്റുകൾ വിൽപ്പന നടത്തുന്നതും മരം മുറിക്കുന്നതും തടയാൻ നടപടി സ്വീകരിക്കുന്നതിന് വനം വിജിലൻസ് വിംഗ് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തി വനം വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഘടനയിലെ മാറ്റം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വിജിലൻസ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

വനം വകുപ്പിന്റെ കീഴിലുള്ള വന സമ്പത്ത് സംരക്ഷിക്കുന്നതിനും വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ വ്യവസ്ഥാപിത മൂല്യനിർണ്ണയം (Systematic Evaluation) നടത്തുന്നതിനും, ജീവനക്കാരുടെ അഴിമതിയും, പെരുമാറ്റ ദൂഷ്യവും തടയുന്നതിനും, ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, പരാതികൾ അന്വേഷിക്കുന്നതിനുമായി 23.12.1971-ലെ ജി.ഒ.(എം.എസ്) 289/71/Agri നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് & ഇവാല്യൂവേഷൻ വിഭാഗം രൂപീകരിച്ചു. 2.01.1975-ലെ ജി.ഒ (എം.എസ്) നമ്പർ 4/75/AD ഉത്തരവ് പ്രകാരം വിജിലൻസ് & ഇവാല്യൂവേഷൻ വിഭാഗത്തിന്റെ പ്രവർത്തനോദ്ദേശ്യം വിപുലീകരിച്ചിട്ടുള്ളതുമാണ്. വനം വകുപ്പിലെ ജീവനക്കാരുടെ അഴിമതിയും, പെരുമാറ്റദൂഷ്യവും, വനോൽപ്പന്നങ്ങളുടെ അനധികൃതകടത്ത് എന്നിവ കണ്ടെത്തി ഫലപ്രദമായി തടയുക എന്ന പ്രധാന പ്രവർത്തനോദ്ദേശ്യത്തോടൊപ്പം താഴെപ്പറയുന്നവയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1. സ്വജനപക്ഷപാതം
2. ബോധപൂർവ്വം സർക്കാർ നഷ്ടം ഉണ്ടാക്കുക
3. തെറ്റായ യാത്രബത്ത, വീട്ടുവാടക അലവൻസുകൾ കൈപ്പറ്റുക
4. ബോധപൂർവ്വം അധികാര ദുർവിനിയോഗം നടത്തുക
5. സർക്കാർ കാര്യങ്ങളിൽ അനാവശ്യമായ കാലതാമസം വരുത്തുക
6. സർക്കാർ മുതലുകൾ ദുരുപയോഗം ചെയ്ത് ക്രമക്കേടുകൾ നടത്തുക
7. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച്ച വരുത്തുക.
8. ജീവനക്കാരുടെ പെരുമാറ്റദൂഷ്യം. 9. മേൽ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുക.
10. അനധികൃത വനോൽപ്പന്നങ്ങളുടെ കടത്ത്.

വഴുതക്കാട് ആസ്ഥാനമായ വിജിലൻസ് & ഇവാല്യൂവേഷൻ വിഭാഗത്തിന്റെ തലവൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആണ്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സഹായിക്കുന്നതിനായി വനം വകുപ്പ് ആസ്ഥാനത്ത് 4 അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ തസ്തികയും രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികയും നിലവിലുണ്ട്. കൂടാതെ ഓഫീസ് കാര്യങ്ങൾ നിറവേറ്റുന്നതിനായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരായി ഒരു സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, 1 ഹെഡ് അക്കൗണ്ടന്റ്, 9 ക്ലാർക്കുമാർ, 2 ടൈപ്പിസ്റ്റ്, 1 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 4 ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളും നിലവിലുണ്ട്. വനം വിജിലൻസ് വിഭാഗത്തിന്റെ കീഴിൽ ഫീൽഡ്

തലത്തിൽ 2 ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ മേഖലകളും അവയുടെ കീഴിൽ 8 ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷനുകളും ഇവയുടെ കീഴിൽ 18 ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചുകളും പ്രവർത്തിക്കുന്നു.

11.02.1994 - ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 864/94 പ്രകാരം കോട്ടയം (ഐ&ഇ) മേഖലയും കോഴിക്കോട് (ഐ&ഇ) മേഖലയും രൂപീകരിക്കപ്പെട്ടു. നിലവിൽ കോട്ടയം, കോഴിക്കോട് മേഖലകളുടെ ചുമതലകൾ 2 ഫോറസ്റ്റ് കൺസർവേറ്റർമാർക്കാണ്. ഇവരുടെ ആസ്ഥാനം യഥാക്രമം കോട്ടയത്തും കോഴിക്കോട്ടും ആണ്. കോട്ടയം ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ തിരുവനന്തപുരം, പുനലൂർ, ഇടുക്കി, കോതമംഗലം എന്നീ ഫ്ലയിംഗ്സ്ക്വാഡ് ഡിവിഷനുകളും, കോഴിക്കോട് ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ എറണാകുളം, പാലക്കാട്, കോഴിക്കോട, കണ്ണൂർ എന്നീ ഫ്ലയിംഗ്സ്ക്വാഡ് ഡിവിഷനുകളും പ്രവർത്തിക്കുന്നു. ഓരോ ഡിവിഷനും ഓരോ ഫോറസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഫ്ളയിംഗ്സ്ക്വാഡ് ഡിവിഷനുകളുടെ കീഴിലുള്ള റെയ്ഞ്ചുകളിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരോടൊപ്പം സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നിവർ പ്രവർത്തിച്ചു വരുന്നു.

വന സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വനകുറ്റകൃത്യങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും രഹസ്യവിവര ശേഖരണം നടത്തുന്നതിനും, സ്ഥിരം കുറ്റവാളികളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിനും വനം വകുപ്പാസ്ഥാനത്ത് ഒരു ഫോറസ്റ്റ് ഇന്റലിജൻസ് സെൽ പ്രവർത്തിക്കുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) -ന്റെ നിയന്ത്രണത്തിലുള്ള ഫോറസ്റ്റ് ഇന്റലിജൻസ് സെൽ വനം വകുപ്പാസ്ഥാനത്തെ വിജിലൻസ് & ഇവാല്യൂവേഷൻ വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.11.2001-ലെ ഇ 1-35137/2001 ഉത്തരവ് പ്രകാരം തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഒരു റെയിഞ്ച് ഓഫീസറെയും, ജി.ഒ (എം.എസ്) നമ്പർ 108/2012/വനം തീയതി 30.10.2012 പ്രകാരം 10 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും പുനർവിന്യാസം ചെയ്തുമാണ് ഫോറസ്റ്റ് ഇന്റലിജൻസ് സെൽ നിലവിൽ പ്രവർത്തിക്കുന്നത്.

Noushad

സെക്ഷൻ ഓഫീസർ